**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ.-ഐ.ഡി.കെ.-9/211/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 20.05.2020

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

സർ

| | |
|---|---|
| വിഷയം:- | വണ്ടൻമേട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് |

********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വണ്ടൻമേട്** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം-1, ഭാഗം-3** ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

| | |
|---|---|
| നം.കെ.എസ്.എ.-ഐ.ഡി.കെ.-9/211/2020 | തീയതി : 20.05.2020 |

**ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19**
**സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13,**

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

****************************************

ഇടുക്കി ജില്ലയിലെ **വണ്ടൻമേട്** ഗ്രാമപഞ്ചായത്തിന്റെ **2018-2019** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **21.11.2018** മുതൽ **19.02.2020** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **17** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **10** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സന്യജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 20.02.2020 മുതൽ 26.02.2020 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. കെ. മധുസൂദനൻനായർ | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവേൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ജാൻസി റെജി | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. സേതു ആർ. | 01.04.2018 മുതൽ 27.0.6.2018 വരെ |
| | ശ്രീ. ബിന്ദുമോൻ വി. ആർ. അസി. സെക്രട്ടറി (ഇൻ-ചാർജ്ജ്) | 28.06.2018 മുതൽ 04.07.2018 വരെ |
| | | 24.08.2018 മുതൽ 25.09.2018 വരെ |
| | | 07.10.2018 മുതൽ 08.10.2018 വരെ |
| | ശ്രീ. അനിൽകുമാർ ഡി. | 05.07.2018 മുതൽ 23.08.2018 വരെ |
| | ശ്രീ. കെ. രാജു | 26.09.2018 മുതൽ 06.10.2018 വരെ |
| | ശ്രീ. അജി കെ. തോമസ് | 09.10.2018 മുതൽ 31.03.2019 വരെ. |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| **അസി. സെക്രട്ടറി** | ശ്രീ. ബിന്ദുമോൻ വി. ആർ. | 01.04.2018 മുതൽ 16.10.2018 വരെ |
| | ശ്രീമതി. പ്രമില്ല റ്റി. റോസ് | 17.10.2018 മുതൽ 31.03.2019 വരെ |
| **അസി. എൻജിനീയർ** | ശ്രീ. ജോസഫ് തോമസ് | 01.04.2018 മുതൽ 02.07.2018 വരെ |
| | ശ്രീ. ഋഷ്യശൃംഗൻ ആർ. | 03.07.2018 മുതൽ 31.03.2019 വരെ |
| **വി. ഇ. ഒ.** | ശ്രീമതി. ലളിത കെ. | 01.04.2018 മുതൽ 05.10.2018 വരെ |
| | | 12.01.2019 മുതൽ 06.03.2019 വരെ |
| | ശ്രീ. ഇസ്മൈൽ റാവുത്തർ | 06.10.2018മുതൽ 18.12.2018 വരെ |
| | ശ്രീമതി. ജോബിഷ ജോസഫ് | 07.03.2019 മുതൽ 15.03.2019 വരെ |

| | | |
|---|---|---|
| | ശ്രീമതി. രെജിമോൾ ആർ. | 19.12.2018 മുതൽ11.01.2019 വരെ |
| | | 16.03.2019 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | ശ്രീമതി. മിനിമോൾ കെ. എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീ. സിബി സെബസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആരോഗ്യം)** | ഡോ. റ്റിജു പി. ജോസഫ് | 01.04.2018 മുതൽ 11.12 2018 വരെ |
| | ഡോ. ഷേർളി മാത്യു | 12.12.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ. വർഗീസ് റ്റി. ഐസക് | 01.04.2018 മുതൽ 11.12.2018 വരെ |
| | ഡോ. രശ്മി എസ്. കുമാർ | 12.12.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | ഡോ. വീണ ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| **എച്ച്. എം., (ഗവ. എൽ.പി.എസ്.)** | ശ്രീ. ജോസഫ് കെ. എ. | 01.04.2018 മുതൽ 03.05.2018 വരെ |
| | ശ്രീ. സാജു ഫിലിപ്പ് | 04.05.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. അഞ്ജു ഏലിസ്ബെൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. ആൻസി റ്റി. യോഹന്നാൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-I (പൊതു അവലോകനം)** | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | അസി. എഞ്ചിനീയർക്ക് അനുവദിച്ച രസീത് ബുക്ക് വ്യാജമായി പുനർ നിർമ്മിച്ചു | 1-12 |
| 13 | പിരിവ് തുക യഥാസമയം ഒടുക്കിയില്ല | 1-13 |
| 14 | അനധികൃത കെട്ടിട നിർമ്മാണം – ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിലെ അപാകതകൾ | 1-14 |
| 15 | ഉപയോഗക്രമം അനുസരിച്ചുള്ള വസ്തുനികുതി നിർണ്ണയിച്ചില്ല | 1-15 |
| 16 | വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി) - വാങ്ങിയ കട്ടിൽ പൂർണ്ണമായും വിതരണം ചെയ്തില്ല | 1-16 |
| 17 | തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ് – അധിക തുക ചെലവഴിച്ചു | 1-17 |
| 18 | ജി.എസ്.റ്റി. കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി | 1-18 |
| 19 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-19 |
| 20 | ആദ്യ എസ്റ്റിമേറ്റിലെ ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കി പുതുക്കിയിട്ടും റീടെൻഡർ ചെയ്തില്ല | 1-20 |
| 21 | പഞ്ചായത്ത് ലൈബ്രറി വർഷങ്ങളായി പ്രവർത്തനരഹിതം | 1-21 |
| | **ഭാഗം-II വരവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** | |

| | | |
|---|---|---|
| | - ഇല്ല - | |
| | ഭാഗം-III ചെലവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 22 | തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ് – അധിക തുക ചെലവഴിച്ചു | 3-1 |
| | ഭാഗം-IV (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | |
| 23 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

24/03/2018 തീയതിയിലെ തീരുമാനം നമ്പർ 1(1) പ്രകാരം 2018-2019 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള ആകെ വരവ് ₹22,50,34,456/-യും ആകെ ചെലവ് ₹24,70,96,350/-യും ആണ്. പുതുക്കിയ ബജറ്റ് 12/02/2019 തീയതിയിലെ തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 08.05.2019 |

### 1-3 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 8085665 | 143450109 | 151535774 | 132466165 | 19069609 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29199871 | 29199871 | 21109996 | 8089875 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11755000 | 11755000 | 8998655 | 2756345 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1299000 | 1299000 | 1233450 | 65550 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9060000 | 9060000 | 9021744 | 38256 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5843000 | 5843000 | 5399761 | 443239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 16164293 | 16164293 | 13484659 | 2679634 |
| ബി-ഫണ്ട് | 0 | 11640 | 11640 | 11640 | 0 |
| എൻ.ആർ.ജി.എ. തൊഴിലാളികളുടെ കൂലി | 0 | 11804489 | 11804489 | 11804489 | 0 |
| എൻ.ആർ.ജി.എ. ഭരണ ചെലവ് | 926 | 272483 | 273409 | 273029 | 380 |
| ദുരിതാശ്വാസം സംഭാവന | 0 | 18770 | 18770 | 0 | 18770 |
| ആയുർവ്വേദ വകുപ്പ് | 93600 | 0 | 93600 | 0 | 93600 |
| സമ്പൂർണ്ണ ശുചിത്വം | 3709920 | 834 | 3710754 | 204352 | 3506402 |
| കൃഷി വകുപ്പ് | 2528000 | 0 | 2528000 | 619488 | 1908512 |
| ഐ.സി.ഡി.എസ്. | 989487 | 1046150 | 2035637 | 2035637 | 0 |

| | | | | | |
|---|---|---|---|---|---|
| കേരളോൽസവം | 0 | 20000 | 20000 | 20000 | 0 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 199 | 238071 | 497170 | 735241 | 0 | 735241 |
| ശുചിത്വ മിഷൻ | 63750 | 2083640 | 2147390 | 63750 | 2083640 |
| എം.എൽ.എ. ഫണ്ട് | 285691 | 0 | 285691 | 285691 | 0 |
| ഗുണഭോക്തൃ വിഹിതം | 23670 | 943330 | 967000 | 965000 | 2000 |
| ദുരിതാശ്വാസ ഗ്രാന്റ് | 0 | 50000 | 50000 | 50000 | 0 |
| സംയുക്ത പദ്ധതി - ജില്ലാപഞ്ചായത്ത് | 0 | 5104041 | 5104041 | 5098041 | 6000 |
| സംയുക്ത പദ്ധതി - ബ്ലോക്ക്പഞ്ചായത്ത് | 610000 | 3922159 | 4532159 | 3869914 | 662245 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2567684 | 11714570 | 14282254 | 13315155 | 967099 |
| സാക്ഷരത | 203 | 0 | 203 | 0 | 203 |
| ലൈഫ് ഭവന പദ്ധതി | 0 | 37840410 | 37840410 | 32475809 | 5364601 |
| തനത്ഫണ്ട് ബാങ്ക് + പണം | -3025337 | 20404164 | 17378827 | 13657911 | 3720916 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 184 | 222934465 | 109978398 | ഇല്ല | 75 | 71.04 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| സെക്രട്ടറി | 35 | 17 | 11667090 | 5395279 |
| അസിസ്റ്റന്റ് എൻജിനീയർ | 170 | 118 | 55638187 | 35571730 |
| കൃഷി ഓഫീസർ | 7 | 7 | 3656938 | 3315300 |
| വെറ്ററിനറി സർജൻ | 6 | 5 | 4540000 | 806720 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 5 | 4 | 1500000 | 732100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.) | 1 | 1 | 450000 | 450000 |
| വി.ഇ.ഒ. | 9 | 8 | 3230000 | 2658403 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 7138200 | 5307379 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2700000 | 1900000 |
| ഹെഡ് മാസ്റ്റർ (ജി.എൽ.പി.എസ്) | 4 | 2 | 562000 | 187737 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 15 | 131552050 | 53353750 |
| **ആകെ** | **259** | **184** | **222934465** | **109978398** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 926 | 272483 | 273409 | 273029 | 380 |
| | തൊഴിലാളി വേതനം | 0 | 11804489 | 11804489 | 11804489 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 11640 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 3757000 | 160 |
| വിധവ പെൻഷൻ | 13349600 | 1113 |
| വാർദ്ധക്യകാല പെൻഷൻ | 19160400 | 1624 |
| വികലാംഗ പെൻഷൻ | 3404300 | 267 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 105600 | 8 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹21,903/- യുടെ ക്യാഷിന്റെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുവെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 12/2019 | 03.02.2020 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 28.04.2014 മുതൽ 30.04.2014 വരെ | 2009-10 മുതൽ 2013-14 വരെ | 04.06.2014 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള വരവ്/കുടിശ്ശിക തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. കുടിശ്ശിക തുകകൾക്ക് ബാലൻസ് ഷീറ്റിൽ ബി-15(എ) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ബി-11(എ) ക്യാപിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് ഇനത്തിലെ തുക അസി. എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-12 അസി. എൻജിനിയർക്ക് അനുവദിച്ച രസീത് ബുക്കു വ്യാജമായി പുനർ നിർമിച്ചു

വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രസീത് പരിശോധന വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ ഒരേ നമ്പരിലുള്ള രണ്ട് രസീത് ബുക്കുകൾ ഹാജരാക്കി. 19.07.2019ൽ 45507 എന്ന നമ്പരിലുള്ള ഒരു രസീത് ബുക്കാണ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിരുന്നത്. പിരിവ് തുക ഒടുക്കുന്നതിനായി രസീത് ബുക്ക് പഞ്ചായത്തിൽ ഹാജരാക്കിയപ്പോൾ പഞ്ചായത്തിൽ നിന്നും നൽകിയ ബുക്കല്ലെന്ന് തിരിച്ചറിഞ്ഞതിനെ തുടർന്ന് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലെ താൽക്കാലിക ജീവനക്കാരിയുടെ പക്കൽ നിന്നും യഥാർത്ഥ ബുക്ക് കണ്ടെത്തുകയായിരുന്നുവെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ഓഡിറ്റ് വേളയിൽ പ്രസ്തുത റിപ്പോർട്ട് സഹിതം സെക്രട്ടറിയാണ് രണ്ടു രസീത് ബുക്കുകളും പരിശോധനക്ക് ഹാജരാക്കിയത്. പഞ്ചായത്തിൽ നിന്നും നൽകിയതല്ലാത്ത രസീത് ബുക്ക് വ്യാജമായി അച്ചടിച്ചതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കിന്റെ 1 മുതൽ 15 വരെയുള്ള രസീതുകൾ എഴുതിയതിന് ശേഷം ക്യാൻസൽ ചെയ്തിരിക്കുകയാണ്. രസീത് നമ്പർ ഒന്നിന്റെ അസൽ പുറത്ത് രേഖപ്പെടുത്തലില്ല. ഒടുക്കിയ ആൾക്ക് നൽകേണ്ട പകർപ്പ് എഴുതിയപ്പേൾ കാർബൺ പേപ്പർ സ്ഥാനം തെറ്റി വെച്ചതിനാൽ ഇതിന്റെ കാർബൺ പകർപ്പ് രണ്ടാം നമ്പർ രസീതിന്റെ അസൽ പുറത്താണ് വന്നിരിക്കുന്നത്. രസീത് നമ്പർ 15 വരെ ഈ പിശക് ആവർത്തിച്ചു. റദ്ദ് ചെയ്ത രസീതുകളിൽ ക്ലറിക്കൽ എറർ എന്ന കാരണം രേഖപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ റദ്ദ് ചെയ്ത രസീതുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികളുടെ അതേ പേരിൽ വ്യാജമെന്ന് സംശയിക്കപ്പെടുന്ന രസീത് ബുക്ക് ഉപയോഗിച്ച് ടെണ്ടർ ഫോം വില ഈടാക്കിയിട്ടുണ്ട്. എന്നാൽ റദ്ദ് ചെയ്തതും പുതിയതായി നൽകിയതുമായ ചില രസീതുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ടെണ്ടർ ഫോമുകളുടെ എണ്ണത്തിലും വിലയിലും വ്യത്യാസമുണ്ട്. 16 മുതൽ 30 വരെയുള്ള രസീതുകൾ ഉപയോഗിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല. 31 മുതൽ 37 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 2019-20 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സമർപ്പിച്ച കരാറുകാരിൽ നിന്നും ഇ.എം.ഡി. പിരിച്ചെടുത്തിരിക്കുകയാണ്. ഇപ്രകാരം 31 മുതൽ 37 വരെയുള്ള രസീതുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത ഇ.എം.ഡി. ₹42,500/- പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. വ്യാജമെന്ന് സംശയിക്കപ്പെടുന്ന രസീത് ബുക്കിന്റെ നമ്പർ 14 മുതൽ 18 വരെയുള്ള രസീതുകളിലും നമ്പർ 28, 29 എന്നീ രസീതുകളിലും അതേ വ്യക്തികളുടെ പേരിൽ അതേ തുക രേഖപ്പെടുത്തി ഒടുക്കിയിട്ടുണ്ട് എന്നിരിക്കിലും പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ രസീതുപയോഗിച്ച് പിരിച്ചെടുത്ത ₹42,500/- ഒടുക്കാതിരുന്നത് ധനാപഹരണമായി കാണക്കാക്കാവുന്നതാണ്. 38 മുതൽ 100 വരെയുള്ള രസീതുകൾ ഉപയോഗിക്കുകയോ റദ്ദ്

ചെയ്യുകയോ ചെയ്യാതെ രേഖപ്പെടുത്തലുകൾ ഇല്ലാതെ സൂക്ഷിച്ചിരിക്കുകയാണ്.

പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കിലെ റദ്ദ് ചെയ്ത രസീതുകളിലെ പണം ഒടുക്കിയ ആൾക്ക് നൽകേണ്ട പകർപ്പിലെ വിവരങ്ങളും രണ്ടാമത്തെ രസീത് ബുക്കിൽ നിന്നും പകരം നൽകിയ രസീതുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു. രണ്ട് രസീതുകളും തമ്മിൽ ടെണ്ടർ ഫോമുകളുടെ എണ്ണത്തിലും തുകയിലും ഉള്ള വ്യത്യാസം പട്ടികയിൽ നിന്നും വ്യക്തമാകുന്നതാണ്.

| പഞ്ചായത്തിൽ നിന്നും നൽകിയ യഥാർത്ഥ രസീത് ബുക്ക് | | | | പിരിവിന് ഉപയോഗിച്ച രസീത് ബുക്ക് | | |
|---|---|---|---|---|---|---|
| ക്രമ നം. | രസീത് നം./തീയതി | ഒടുക്കിയ ആൾ തുക ₹ | അഭിപ്രായം | രസീത് നം./തീയതി | ഒടുക്കിയ ആൾ/തുക ₹ | അഭിപ്രായം |
| 1) | 1/20.07.19 | ബെന്നി ജോൺ ₹1,680/- | റദ്ദ് ചെയ്തു | 1/20.07.19 | ബെന്നി ജോൺ ₹1,680/- | രണ്ട് രസീതുകളും തമ്മിൽ വ്യത്യാസമില്ല |
| 2) | 2/20.07.19 | സുരേഷ്തോമസ് ₹1,904/- | റദ്ദ് ചെയ്തു 3 ടെണ്ടർ ഫോം വില | 2/20.07.19 | ഷൈബിൻ ടി.ആർ. ₹1,904/- | സുരേഷ് തോമസിന് പകരം രസീത് നൽകിയിട്ടില്ല |
| 3) | 3/20.07.19 | ടോമി തോമസ് ₹1,232/- | റദ്ദ് ചെയ്തു 2 ടെണ്ടർ ഫോം വില | 3/20.07.19 | ടോമി തോമസ് ₹1,232/- | രണ്ട് രസീതുകളും തമ്മിൽ വ്യത്യാസമില്ല |
| 4) | 4/20.07.19 | ജോമോൻ പി.വി. ₹560/- | റദ്ദ് ചെയ്തു 1 ടെണ്ടർ ഫോം വില | 4/20.07.19 | ജോമോൻ പി. വി. ₹560/- | രണ്ട് രസീതുകളും തമ്മിൽ വ്യത്യാസമില്ല |
| 5) | 5/20.07.19 | ജോസഫ് മാത്യു ₹3,472/- | റദ്ദ് ചെയ്തു 6 ടെണ്ടർ ഫോം വില | 5/20.07.19 | ജോസഫ് മാത്യു ₹3,472/- | രണ്ട് രസീതുകളും തമ്മിൽ വ്യത്യാസമില്ല |
| 6) | 6/20.07.19 | ഷൈൻ ടി.ആർ. ₹1,456/- | റദ്ദ് ചെയ്തു 2 ടെണ്ടർ ഫോം വില 800+500+(156-ജിഎസ് ടി) | 6/20.07.19 | ഷൈൻ ടി. ആർ. ₹1,232/- | 2 ടെണ്ടർ ഫോം വില 600+500+(132 ജി.എസ്.ടി) |

| | | | | | | |
|---|---|---|---|---|---|---|
| 7) | 7/20.07.19 | ജിൻസ് വർഗീസ് ₹1,344/- | റദ്ദ ചെയ്യു 2 ടെണ്ടർ ഫോം വില 600+600+(144-ജിഎസ് ടി) | 7/20.07.19 | ജിൻസ് വർഗീസ് ₹1,232/- | 2 ടെണ്ടർ ഫോം വില 600+500+(132-ജി.എസ്.ടി) |
| 8) | 8/20.07.19 | ജിസ് ജോസ് ₹1,344/- | റദ്ദ ചെയ്യു 2 ടെണ്ടർ ഫോം വില 600+600+(144-ജിഎസ് ടി) | 8/20.07.19 | ജിസ് ജോസ് ₹2,240/- | 3 ടെണ്ടർ ഫോം വില 600+600+800+(240-ജി.എസ്.ടി) |
| 9) | 9/20.07.19 | ഷൈബിൻ ടി. ആർ. ₹1,456/- | റദ്ദ ചെയ്യു 2 ടെണ്ടർ ഫോം വില 800+500+(156-ജിഎസ് ടി) | 9/20.07.19 | സോണി എബ്രാഹം ₹2,352/- | 4 ടെണ്ടർ ഫോം വില 600+500+ 500+500+(252 ജി.എസ്.ടി) |
| 10) | 10/20.07.19 | സോണി എബ്രാഹം ₹1,792/- | റദ്ദ ചെയ്യു 3 ടെണ്ടർ ഫോം വില 600+500+500(192-ജിഎസ് ടി) | 10/20.07.19 | വിനപ്രസാദ് ₹1,792/- | 3 ടെണ്ടർ ഫോം വില 600+500+500+(192-ജി.എസ്.ടി) |
| 11) | 11/20.07.19 | വിനപ്രസാദ് ₹1,792/- | റദ്ദ ചെയ്യു 3 ടെണ്ടർ ഫോം വില 600+500+500(192-ജിഎസ് ടി) | 11/20.07.19 | അഫ്സൽ കെ. എം. ₹2,800/- | 3 ടെണ്ടർ ഫോം വില 500x5+(300-ജി.എസ്.ടി) |
| 12) | 12/20.07.19 | അഫ്സൽ കെ.എം. ₹2,800/- | റദ്ദ ചെയ്യു 5 ടെണ്ടർ ഫോം വില 500x5+(300-ജിഎസ് ടി) | 12/20.07.19 | ജോർജ് ഉഈപ്പ് ₹3,584/- | 5 ടെണ്ടർ ഫോം വില 500+700+700+ 500+800+(384-ജി.എസ്.ടി) |

| | | | | | | |
|---|---|---|---|---|---|---|
| 13) | 13/20.07.19 | ജോർജ് ഉതുപ്പ് ₹2,688/- | റദ്ദു ചെയ്തു 4 ടെണ്ടർ ഫോം വില 500+700+700+ 500+(288- ജിഎസ് ടി) | 13/20.07.19 | ഷാജി പി. ₹1,904 | 3ടെണ്ടർ ഫോം വില 500+700+500+ (204-ജി.എസ്.ടി) |
| 14) | 14/20.07.19 | ഷാജി പി. ₹1,904/- | റദ്ദു ചെയ്തു 3ടെണ്ടർ ഫോം വില 500+700+500+ (204-ജിഎസ് ടി) | 14/20.07.19 | വിനപ്രസാദ് ₹7,500/- | പ്രോജക്ട് നമ്പർ 50ന്റെ ഇ.എം.ഡി. |
| 15 | 15 | ഉപയോഗിക്കാതെ ക്യാൻസൽ ചെയ്തിരിക്കുന്നു | - | - | - | - |

പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കിന്റെ 31 മുതൽ 37 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 2019-20 വർഷത്തെ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ സമർപ്പിച്ച കരാറുകാരിൽ നിന്നും പിരിച്ചെടുത്ത ഇ എം ഡി ₹42,500/- പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | രസീത് നമ്പർ/ തീയതി | തുക | ഒടുക്കിയ ആളുടെ പേര് | വരവിനം |
|---|---|---|---|---|
| 1. | 31/22-07-2019 | ₹7500/- | വിനപ്രസാദ് എം. | പ്രോജക്ട് നമ്പർ .50 ഇ.എം .ഡി. |
| 2. | 32/22-07-2019 | ₹5000/- | വിനപ്രസാദ് എം. | പ്രോജക്ട് നമ്പർ 54 ഇ.എം .ഡി. |
| 3. | 33/22-07-2019 | ₹5000/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .43 ഇ.എം .ഡി. |
| 4. | 34/22-07-2019 | ₹7500/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .49 ഇ.എം .ഡി. |
| 5. | 35/22-07-2019 | ₹7500/- | ജിസ് ജോസ് | പ്രോജക്ട് നമ്പർ .49 ഇ.എം .ഡി. |
| 6. | 36/28-07-2019 | ₹5000/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .47 |

| | | | | |
|---|---|---|---|---|
| | | | | ഇ.എം .ഡി. |
| 7. | 37/28-07-2019 | ₹5000/- | ജിസ് ജോസ് | പ്രോജക്ട് നമ്പർ .47 ഇ.എം .ഡി. |
| | **ആകെ** | **₹42500/-** | | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ₹42,500/- വ്യാജമെന്ന് പറയപ്പെടുന്ന രസീത് ബുക്കിൽ രേഖപ്പെടുത്തി ഒടുക്കിയതായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത രസീത് ബുക്ക് പ്രകാരം ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയ ഇ എം ഡി ഇനത്തിലുള്ള ₹42,500/-യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | രസീത് നമ്പർ/ തീയതി | തുക | ഒടുക്കിയ ആളുടെ പേര് | വരവിനം |
|---|---|---|---|---|
| 1. | 14/22-07-2019 | ₹7500/- | വിനുപ്രസാദ് എം. | പ്രോജക്ട് നമ്പർ .50 ഇ.എം .ഡി. |
| 2. | 15/22-07-2019 | ₹5000/- | വിനുപ്രസാദ് എം. | പ്രോജക്ട് നമ്പർ 54 ഇ.എം .ഡി. |
| 3. | 16/22-07-2019 | ₹5000/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .43 ഇ.എം .ഡി. |
| 4. | 17/22-07-2019 | ₹7500/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .49 ഇ.എം .ഡി. |
| 5. | 18/22-07-2019 | ₹7500/- | ജിസ് ജോസ് | പ്രോജക്ട് നമ്പർ .49 ഇ.എം .ഡി. |
| 6. | 28/28-07-2019 | ₹5000/- | ജിൻസ് വർഗീസ് | പ്രോജക്ട് നമ്പർ .47 ഇ.എം .ഡി. |
| 7. | 29/28-07-2019 | ₹5000/- | ജിസ് ജോസ് | പ്രോജക്ട് നമ്പർ .47 ഇ.എം .ഡി. |
| | **ആകെ** | **₹42500/-** | | |

പഞ്ചായത്തിൽ നിന്നും നൽകിയ രസീതു ബുക്കുകളിലെ 31 മുതൽ 37 വരെയുള്ള രസീതുകളിലെയും മുകളിലുള്ള പട്ടികയിൽ വിശദീകരിച്ചിരിക്കുന്ന വ്യാജമായി അച്ചടിച്ചതായി പറയുന്ന രസീത് ബുക്കിലെ 14 മുതൽ 18 വരെയും 28, 29 രസീതുകളിലെയും തുകയും ഒടുക്കിയ ആളുകളുടെ പേരും ഒരേപോലെയാണ് എങ്കിലും നിയമാനുസൃതമായി ആദ്യം ഉപയോഗിച്ച രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത രസീതുകൾക്ക് പകരമാണ് മറ്റൊരു ബുക്കിൽ എഴുതിയിരിക്കുന്നത് എന്ന വാദം

അംഗീകരിക്കുവാൻ കഴിയില്ല. പഞ്ചായത്തിൽ നിന്നും ലഭിച്ച രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത ₹42,500/- പഞ്ചായത്തിൽ ഒടുക്കാതിരുന്നത് പണാപഹരണമായി പരിഗണിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

രസീതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 1, 8, 16 എന്നീ നമ്പർ എൻക്വയറികൾ അസിസ്റ്റന്റ് എൻജിനീയർക്കും നമ്പർ 2, 9, 17 എന്നീ ഓഡിറ്റ് എൻക്വയറികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസ് മുഖേന വ്യാജ രസീത് ബുക്ക് അച്ചടിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത ₹42,500/- പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ ദിവസവേതനത്തിന് ജോലി ചെയ്തിരുന്ന ക്ലാർക്കിനെ നീക്കം ചെയ്തതായും നിയമപരമായ മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ നൽകിയിരിക്കുന്ന മറുപടിയിൽ താൻ ചാർജെടുത്തപ്പോൾ കൈമാറിക്കിട്ടിയ രസീത് ബുക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതാണെന്നുള്ള വിശ്വാസത്തിലാണ് ഉപയോഗിച്ച് വന്നതെന്നും ഒരേ നമ്പരിലുള്ള രണ്ട് രസീതു ബുക്കുകൾ ഉണ്ടെന്ന വിവരം അറിഞ്ഞിരുന്നില്ല എന്നും തന്റെ അറിവിൽ ഉപയോഗിച്ചിരുന്ന രസീത് പ്രകാരം പിരിച്ചെടുത്ത തുകകൾ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. വ്യാജമെന്ന് പറയപ്പെടുന്ന രസീത് ബുക്ക് ഉപയോഗിച്ച് വിൽപ്പന നടത്തിയ ടെണ്ടർ ഫോമുകൾ, പിരിച്ചെടുത്ത ഇ.എം.ഡി. എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷം രൂപീകരിച്ച പദ്ധതികളുടെ ടെണ്ടർ നടപടികളിൽ പ്രത്യേകിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യാജ രസീത് അച്ചടിച്ചതിന്റെ പിന്നിലുള്ള ഉത്തരവാദികളെ കണ്ടെത്തുന്നതിന് വിശദമായ അന്വേഷണം ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കെ.എസ്.എ ഐ.ഡി.കെ 9-201/2020 തീ.29.02.2020 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് പ്രത്യേക കത്ത് നൽകിയിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിന്റെ നിജസ്ഥിതി വെളിവാകുന്നതിന് ഭരണ വകുപ്പ് തലത്തിലും അന്വേഷണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-13 പിരിവ് തുക യഥാസമയം ഒടുക്കിയില്ല

രസീത് നം.32/45497/തീ.01.05.2019 പ്രകാരം ലൂക്കോസ്, തെക്കകാലായിൽ എന്നയാളുടെ 2016-17, 2018-19 വർഷങ്ങളിലെ വസ്തുനികുതി ഇനത്തിൽ ഈടാക്കിയ ₹804/- പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിരുന്നില്ല. ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (അന്വേഷണക്കുറിപ്പ് നം.5) രസീത് നം.119110104158/തീ.25.02.2020 പ്രകാരം മേൽ തുക ഒടുക്കി. പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ഒടുക്കേണ്ടതാണ്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-14 അനധികൃത കെട്ടിട നിർമ്മാണം - ക്രമവത്ക്കരണ ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ കുറഞ്ഞ നിരക്കിലുള്ള തുക ഈടാക്കി കേസ് രാജിയാക്കിയതായി കാണുന്നു. തദ്ദേശ സ്വയംഭരണ(ആർ.ഡി.) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി.2 /15/തസ്വഭവ./തീ.11.11.2015 നമ്പർ കത്ത് അനുസരിച്ച് ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും (പെർമിറ്റ് ഫീസിന്റെ ഇരട്ടി) പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ **രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും** ഈടാക്കേണ്ടതാണ്. തൻവർഷ പെർമിറ്റ് ഫീസ് കൂടാതെയും പെർമിറ്റ് ഫീ രാജിയാക്കൽ ഫീസ് മാത്രവും ഈടാക്കി ക്രമവത്ക്കരണം നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ ക്രമ നം. | ഉടമയുടെ പേര്, & പെർമിറ്റ് നം. | കെട്ടിട ഉപയോഗക്രമം, വിസ്തീർണ്ണം, (ചമീ) | ക്രമവൽക്കരിക്കേണ്ട വിസ്തീർണ്ണം (ചമീ) | ഈടാക്കിയ ഫീസ് ₹ | ഈടാക്കേണ്ട ഫീസ് ₹ | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | ശിവനേശ്വരി കുമാരഭവൻ | വാണിജ്യം, 19.7 | 19.7 | 200, 118110102805, 7.12.18 | 19.7x5x3= 300 | 100 |
| 2 | സന്തോഷ് മാത്യു, പുളിമൂട്ടിൽ, എ-4/3032/17 31.05.17 | വാണിജ്യം, പെർമിറ്റ് 565.43, ആകെ 873.35 | 307.92 | അടവാക്കിയിട്ടില്ല | 307.92x5x2= 3080 | 3080 |
| 3 | പി. എം. പോൾ | വാണിജ്യം , 18.37, 39.16, & പാർപ്പിടം 159.11 | 57.53 & 159.11 | അടവാക്കിയിട്ടില്ല | 57.53x5x3 = 863<br>159x3x3= 1431 | 2294 |
| 4 | ഷാജി കെ. എസ്. | പാർപ്പിടം 110.51 | 110.51 | 663, 118110103352, 01.02.2019 | 110.51x3x3 = 995 | 332 |
| | | | | | ആകെ | 5806 |

ഫീസ് ഈടാക്കാതെയും കുറഞ്ഞ ഫീസ് ഈടാക്കിയും ക്രമവത്ക്കരണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം.10) സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പരാമർശിത സർക്കാർ കത്ത് പ്രകാരമുള്ള ഫീസുകൾ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട രജിസ്റ്റർ സമഗ്രവും ആധികാരികവും കാലികവുമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-15 ഉപയോഗക്രമമനുസരിച്ചുള്ള വസ്തുനികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഡ് I-ൽ ടി. ടി. ജോസ്, മാനേജിംഗ് ഡയറക്ടർ, മാസ്സ് എന്റർപ്രൈസ്സസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള I/178 നമ്പർ കെട്ടിടത്തിന്റെ ഒരു ഭാഗം വ്യവസായിക ആവശ്യത്തിനായി (127.68 ച.മീ. വിസ്തീർണ്ണം) നമ്പറിട്ട് നൽകണമെന്നാവശ്യപ്പെട്ട് ടിയാൻ അപേക്ഷ നൽകുകയും I/178-C ആയി നമ്പർ നൽകുകയും ചെയ്തു. എന്നാൽ നികുതി ₹20/- നിരക്കിലാണ് നിർണ്ണയിച്ചത്. ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള വിജ്ഞാപന പ്രകാരം വ്യവസായിക ആവശ്യത്തിനുള്ള നികുതി നിരക്ക് ₹40/- ആണ്. കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (7)ക്ക് മറുപടിയായി നികുതിയിലെ നഷ്ടം ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അറിയിച്ചു. മേൽ മറുപടി അംഗീകരിക്കുന്നു. സഞ്ചയയിൽ ₹40/- നിരക്കിൽ നികുതി പുനർ നിർണ്ണയിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

### 1-16 വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി) - വാങ്ങിയ കട്ടിൽ പൂർണ്ണമായി വിതരണം ചെയ്തില്ല

| | |
|---|---|
| പദ്ധതി നം. | 14/19 |
| പദ്ധതി | വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി) |
| അടങ്കൽ | ₹56,550/- (13 എണ്ണം @ ₹4,350/-) |
| ചെലവ് | ബിൽ നം.19/23.2.2019 ₹30,600/-<br>(9 എണ്ണം @ ₹3,400/-) |

എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വൃദ്ധരായ 13 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കുമളിയിലെ സ്റ്റോർവൽ ഫർണീച്ചർ സെന്റർ എന്ന സ്ഥാപനം ക്വോട്ട് ചെയ്ത ₹3,400/- നിരക്ക് അംഗീകരിച്ച് 9 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 8 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ ഒരു കട്ടിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും കട്ടിൽ സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചു. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കട്ടിൽ താമസംവിനാ വിതരണം നടത്തി അറിയിക്കേണ്ടതാണ്.

### 1-17 തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ്-അധിക തുക ചെലവഴിച്ചു.

തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ് പ്രൊജക്റ്റിന്റെ (162/18) ഇനം നമ്പർ 11 ആയി പദ്ധതിയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ശിലാഫലകം 3 എണ്ണം സ്ഥാപിച്ചതായി രേഖപ്പെടുത്തി, ₹2,500/- നിരക്കിൽ ₹7,500/- ചെലവഴിച്ചു (ബിൽ നം.5/18-19/20-07-2018, ₹7,89,025/-) പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കുന്ന ശിലാഫലകം ഒരെണ്ണം മാത്രം സ്ഥാപിക്കാമെന്നിരിക്കെ ആയത് മൂന്നെണ്ണം സ്ഥാപിച്ചതിന് കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.12). ബില്ല് തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകാണെന്നും അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി നൽകിയ ₹5,000/- തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-18 ജി.എസ്.റ്റി. കുറവ് ചെയ്യാതെ കറാറുകാരന് തുക നൽകി

മംഗലംപടി അങ്കണവാടിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ (199/19) ആദ്യ പാർട്ട് ബിൽ പ്രകാരം ₹2,28,915/- (ബിൽ നം.115/17-18/28-03-2018, ₹2,28,915/-) 2017-18 സാമ്പത്തിക വർഷം ചെലവഴിച്ചിരുന്നു. 22.02.2019-ൽ പദ്ധതി പൂർത്തീകരിച്ച് ആകെ വേലമൂല്യം ₹3,20,244/- കണക്കാക്കി ക്വോട്ടുചെയ്ത തുകയായ ₹3,18,222/-ൽ നിജപ്പെടുത്തി ബിൽ നം.89/18-19, തീ.26.03.2019 പ്രകാരം ബാക്കി തുകയായ ₹89,307/- ചെലവഴിച്ചിട്ടുണ്ട്. 01-10-2018ന് ശേഷം പൂർത്തീകരിക്കുന്ന പദ്ധതികളുടെ ബില്ലിൽ നിന്നും 1% വീതം CGST, SGST എന്നിവ ഈടാക്കണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും ബില്ലിൽ നിന്നും അപ്രകാരം കുറവ് വരുത്താതെയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ആകെ വേലമൂല്യത്തെ അടിസ്ഥാനമാക്കി CGST,

SGSTഎന്നിവ കുറവ് വരുത്താതെ കരാറുകാരന് തുക നൽകിയിരിക്കുന്നതിനാൽ കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് ₹3,182/- വീതം നഷ്ടം സംഭവിച്ചിരിക്കുന്നു. ആയത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം ഒടുക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 04/16 മുതൽ 62 പൊതു ടാപ്പുകൾക്ക് (2017 മുതൽ പ്രതിമാസം ₹27,125/- നിരക്കിൽ) വാട്ടർ ചാർജ്ജ് അടച്ചുവരുന്നു. അതോടൊപ്പം തൻ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി (എസ്.ഒ.-304/19) ₹1,37,101/-യും ഒടുക്കിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച് നല്കിയ 14ാം നമ്പർ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം നിലവിൽ വെള്ളക്കരമിനത്തിൽ ₹9,87,290/- (സെക്രട്ടറിയുടെ 20/11/19ലെ എ3-2915/18 നമ്പർ കത്ത്) കുടിശ്ശിക ഉള്ളതായും ബോധ്യപ്പെട്ടു.

ജി.ഒ.(ആർ.ടി)/2242/2011/തസ്വഭവ./28-09-2011 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. നിലവിൽ വെള്ളക്കരം അടച്ചുവരുന്ന ടാപ്പുകളുടെ കൺസ്യൂമർ നമ്പർ, ടാപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം, ഇവയിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണം, കുടിശ്ശിക തുകയുടെ കാലയളവ്, പലിശയുടെ കണക്ക് തുടങ്ങിയ വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. ഗണ്യമായ തുക കുടിശ്ശികയായി അവശേഷിക്കുന്ന സാഹചര്യത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. ആയതിനാൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ആദ്യ എസ്റ്റിമേറ്റിലെ ഇനങ്ങൾ പൂർണ്ണമായി ഒഴിവാക്കി പുതുക്കിയിട്ടും പ്രവൃത്തി റീടെൻഡർ ചെയ്തില്ല

മാലി ഡോബി കോളനി-മാലി കോളനി ഫുട്പാത്ത് സംരക്ഷണഭിത്തി നിർമ്മാണം കല്ല് ഉപയോഗിച്ച് നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പ്രകാരം ₹4,00,000/-അടങ്കൽ ഉൾപ്പെടുത്തിയ പദ്ധതിക്ക് ₹3,98,182/ -ക്വോട്ടുചെയ്ത ശ്രീ. വിനുപ്രസാദ് എം. മുഖേന നടപ്പാക്കുന്നതിന് കരാർ നൽകി. എന്നാൽ പദ്ധതി പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം എസ്റ്റിമേറ്റ് പരിഷ്കരിച്ച് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണത്തിന് തീരുമാനിച്ചു. ആദ്യ എസ്റ്റിമേറ്റിൽ നിന്നും പൂർണ്ണമായും വ്യത്യാസപ്പെട്ട പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും റീ ടെണ്ടർ നടത്തുകയോ കരാറുകാരനുമായി കൂടിയാലോചന നടത്തി നിരക്കിൽ കുറവ് ലഭിക്കുന്നതിന് ശ്രമം നടത്തുകയോ ചെയ്തില്ല. ആദ്യ എസ്റ്റിമേറ്റിൽ നിന്നും ഗണ്യമായ രീതിയിൽ വ്യത്യാസപ്പെട്ട് എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നപക്ഷം ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കുന്ന രീതിയിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പഞ്ചായത്തു ലൈബ്രറി വർഷങ്ങളായി പ്രവർത്തനരഹിതം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറി വർഷങ്ങളായി നിർജ്ജീവാവസ്ഥയിലാണ്. ലൈബ്രറിയുടെ നടത്തിപ്പിനായി

പ്രതിമാസം ₹13,080/- ശമ്പളത്തിൽ ഒരു പാർട്ട് ടൈം ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ടെങ്കിലും ലൈബ്രറിയിൽ നിന്ന് വരുമാനമൊന്നുമില്ല. നിലവിൽ ലൈബ്രേറിയൻ പഞ്ചായത്തിന്റെ ദൈനംദിന പണപ്പിരിവിൽ സഹായിച്ചു വരുന്നു. 1999-2000ന് ശേഷം ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങുകയോ ലൈബ്രറിയുടെ വികസനത്തിന് ധനസഹായം ആവശ്യപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലൈബ്രറി വരവുകൾ ആവശ്യപ്പെട്ടതിൽ ലൈബ്രറിക്ക് വരവൊന്നുമില്ലായെന്നും വർഷങ്ങളായി ലൈബ്രറി പ്രവർത്തിക്കുന്നില്ലായെന്നും ലൈബ്രേറിയൻ വെളിപ്പെടുത്തി.

ഇത് സംബന്ധിച്ച് നല്കിയ 15ാം നമ്പർ അന്വേഷണക്കുറിപ്പിന് 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറിയുടെ വികസനത്തിനായി പുസ്തകങ്ങൾ, ഫർണിച്ചർ എന്നിവയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളതായും കേരള ബുക്ക് മാർക്കിൽനിന്നും ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും മറുപടി നല്കി.

പഞ്ചായത്തിന്റെ ഉന്നമനത്തിനും വികസനത്തിനും മുതൽക്കൂട്ടാകേണ്ട ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ്-അധിക തുക ചെലവഴിച്ചു

തോട്ടക്കാട്പടി-നാലുസെന്റ് പാണ്ടൻചേരിപ്പടി റോഡ് ടാറിംഗ് പ്രൊജക്ടിന്റെ (162/18) ഇനം നമ്പർ 11ആയി പദ്ധതിയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ശിലാഫലകം 3 എണ്ണം സ്ഥാപിച്ചു. ആയതിന് വേണ്ടി ₹2,500/- നിരക്കിൽ ₹7,500/- ചെലവഴിച്ചിരിക്കുന്നു (ബിൽ നം.5/18-19/20-7-18, ₹7,89,025/-) പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കുന്ന ശിലാഫലകം ഒരെണ്ണം മാത്രം സ്ഥാപിക്കാമെന്നിരിക്കെ ആയത് മൂന്നെണ്ണം സ്ഥാപിച്ചതിന് കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ ബില്ല് തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകാണെന്നും അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി നൽകിയ ₹5,000/- തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 25-07-2019 | കെഎസ്.എ.-ഐ.ഡി.കെ.3/520(45)/19<br>തീയതി. 13-08-2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-2019 | 7264041 | ലൈഫ് ഭവന നിർമ്മാണം | 7258041 | 6000 |
| ജില്ലാപഞ്ചായത്ത് | 2018-2019 | 200000 | നെൽകൃഷിക്ക് കൂലിചെലവ് | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-2019 | 1200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1200000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-2019 | 180000 | ലൈഫ് ഭവന നിർമ്മാണം എസ്.സി.പി. | 180000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-2018 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-2018 | 510000 | എസ്.സി. കുട്ടികൾക്ക് പഠനമുറി | 510000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-2019 | 3742159 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 3079914 | 662245 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ചൂഴിക്കര എസ്.സി. കോളനി 3 ഫേസ് ലൈൻ (273/19) | വൗച്ചർ നമ്പർ 21801207 തീയതി 13-02-2019 | ₹280053/- | 0 | ₹280053/- |
| | എസ്.സി. നാല്ലെട്ട് കോളനി 3 ഫേസ് ലൈൻ (291/19) | വൗച്ചർ നമ്പർ 21801027 തീയതി 26-03-2019 | ₹139700/- | 0 | ₹139700/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പ ഇനത്തിൽ ₹3,78,40,410/- വരവുണ്ട്. ആയത് തൻവർഷം പൂർണ്ണമായി വിനിയോഗിച്ചു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | ജി.ഒ.എം.എസ് നം.68/2018 എൽ.എസ്.ജി.ഡി തി.18.05.2018 | 37840410 | 0 | 0 | 0 | 37840410 |
| ഇ.എം.എസ്. ഭവന പദ്ധതി | സർക്കാർ ഉത്തരവ് നം.321/2010 ത.സ്വ.ഭ.വ. തീയതി 29-10-2010 | 23593500 | 2540180 | 2540180 | -- | 0 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | ₹10,00,000 |
| ആകെ | ₹10,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹10,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 14-06-2018 | 1 വർഷം | 1000000 | - |
| **ആകെ** | | | | **1000000** | - |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹5,68,920/- |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് ₹3,50,000/- |
| 2015-16 | 4-1-5 | - | - | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നികുതി, നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| 2016-17 | അനുബന്ധം 3 | 2014-15 | 2-1 | വസ്തുനികുതി - അപാകതകൾ |
| 2016-17 | അനുബന്ധം 5 | 2015-16 | 2-1 | തൊഴിൽനികുതി - അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

- ഇല്ല -

**ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ**

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.13 | | | | 120 | | |
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.13 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 625 | | | | | | 625 | |
| | 24 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 4248 | | | | | | | 4248 |
| | 26 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 170 | | 170 | | | 170 | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 27-എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(സി) | 20 എ 1998-99 ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാബുകുട്ടൻ നായർ സെക്രട്ടറി | LF.22209 Spl.Cell/ SC.2/ 2005 01.11.2006 | 900 | ₹900/- രസീത് നം.49/6436/18.09.2008/17.04.13 | | | | 900 | | |
| 1999-00 | 26 | ശ്രീ. സാബുകുട്ടൻ നായർ സെക്രട്ടറി | LF.12365 Spl.Cell/ CSC/C1/ 2003 1.08.2003 | 6840 | | | | | | 6840 | |
| 2001-02 | 2-2 | ശ്രീമതി. പി.റ്റി.ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 1.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി. പി.റ്റി.ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 | 1841 | | | | | | 1841 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | 1.11.2006 | | | | | | | | |
| 2008-09 | 3-9 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി. എഞ്ചിനിയർ | LF.22683 Spl.Cell/ CSC/C1/ 2012 19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878 Spl.Cell/ CSC/C1/ 2015 14.7.2017 | 51728 | | | | | | 51728 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹14,34,50,109/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹13,24,66,165/- |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - ഇല്ല - |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5000 | ശ്രീ. ഋഷ്യശൃംഗൻ ആർ. അസി. എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

- ഇല്ല -

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 1-18 | 3182 | കേന്ദ്ര സർക്കാർ | ശ്രീ. ഋഷ്യശ്രുംഗൻ ആർ.<br>അസി. എഞ്ചിനീയർ |
| | 3182 | സംസ്ഥാന സർക്കാർ | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഋഷ്യശ്രുംഗൻ ആർ.<br>അസി. എഞ്ചിനീയർ | റിട്ടയർ ചെയ്തു | വിപുരം<br>പുളിമൂട്, കുളപ്പാട്<br>തിരുവനന്തപുരം |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1980-1981 | എൽ.എഫ്.ഐ.5/415/83/31.10.83 | | |
| 1981-1982 | എൽ.എഫ്.ഐ.5/879/85/31.12.85 | | |
| 1982-1983 | എൽ.എഫ്.ഐ.5/239/87/16.12.87 | | |
| 1983-1984 | എൽ.എഫ്.ഐ.5/222/58/04.06.88 | | |
| 1984-1985 | എൽ.എഫ്.ഐ.5/595/92/31.08.90 | | |
| 1985-1986 | എൽ.എഫ്.ഐ.5/728/90/21.01.91 | | |
| 1986-1987 | എൽ.എഫ്.ഐ.5/615/91/1.08.92 | | |
| 1987-1988 | എൽ.എഫ്.ഐ.5/996/91/17.02.92 | | |
| 1988-1989 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1989-1990 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1990-1991 | എൽ.എഫ്.ഐ.5/56/94/30.03.1994 | | |
| 1991-1992 | എൽ.എഫ്.ഐ.55/56/94/30.03.1994 | | |
| 1992-1993 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1993-1994 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1998-1999 | എൽ.എഫ്.ഐ.6/202/2002/<br>20.07.2000 | 8 | 20എ, 21സി, 23, 24,<br>27എ, ബി, സി, ഡി<br>29, 34, 36 |

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.ഐ.6/562/2000/ 31.07.2000 | 1 | 26 |
| 2001-2002 | എൽ.എഫ്.ഐ.6/281/04/ 09.02.2005 | 2 | 2-2.2-9 |
| 2003-2004 | എൽ.എഫ്.ഐ.8/40/06/ 02.11.2006 | 2 | 3-12,3-14 |
| 2004-2005 | എൽ.എഫ്.ഐ.8/1022/06/ 01.06.2007 | 1 | 3-3 |
| 2006-2007 | എൽ.എഫ്.ഐ.8/1100/09/ 11.06.2010 | 11 | 2-2, 2-3എ,ബി,സി, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6(1, 2), 3-7(1,2), 4-3 |
| 2007-2008 | എൽ.എഫ്.ഐ.9/1021/11/ 13.10.2011 | 14 | 2-2, 2-3, 3-2, 3-3,3-4, 3-6, 3-7, 3-8,3-9, 3-10, 3-11, 4-2, 4-3, 4-5 |
| 2008-09 | എൽ.എഫ്.ഐ.-9/989/12/ 05.09.2012 | 18 | 1-3(ബി), 2-3, 2-4, 2-5(എ, ബി), 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14 |
| 2009-10 | എൽ.എഫ്.ഐ.-9/1460/12/ 10.06.2013 | 12 | 2-3, 2-4(എ, ബി), 2-5(1), 2-5(2), 3-1(1, 2), 3-3,3-4, 3-6, 3-7, 3-8, 3-9,3-10, 3-12 |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/ 11.03.2014 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10 |
| 2011-12 | എൽ.എഫ്.ഐ.-9/1178/14/ 24.02.2015 | 18 | 1-3, 1-4, 2-2, 2-3, 2-4(ബി, സി, ഡി),2-7,3-1, 3-2, 3-3, 3-4,3-5, 3-7,3-8, 3-10,3-11,3-12,3-13,3-14 |
| 2012-13 | എൽ.എഫ്.ഐ.-9/638/17/ 10.06.2015 | 8 | 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15/ 18.02.2016 | 5 | 2-2, 3-1, 3-2, 3-3,3-5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/1385/ 19/23.03.2017 | 8 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-9/419/17/ 05.04.2017 | 8 | 1-12, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-9/1317/17/ 05.09.2017 | 11 | 1-12, 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-9/1316/18/15-12-2018 | 20 | 1-10,1-12,2-1,2-2,2-3,2-4, 2-5,3-1,3-3,3-6,3-8,3-9,3-10, 3-11,3-12,3-13,4-1,4-7,4-8,4-10 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം - 1 (ഓഡിറ്റ് സാക്ഷ്യപത്രം)

നം.കെ.എസ്.എ.-ഐ.ഡി.കെ.-9/211/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ഓഡിറ്റ് കാര്യാലയം, തൊടുപുഴ
Ph : 04862-227332
*E-mail : doidk.ksad@kerala.gov.in*
തീയതി: 20.05.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
ഇടുക്കി

Annexure – 1

AUDIT CERTIFICATE

No.KSA-IDK-9/211/2020

Office of the Senior Deputy Director of
Kerala State Audit Department

District Office, Idukki

Thodupuzha – 685 584

Phone : 04862-227332

*E-mail : doidk.ksad@kerala.gov.in*

Date.20.05.2020

Certified that I have audited the Annual Financial Statement of **VANDANMEDUGrama Panchayat in Idukki District for the year ended on 31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **VANDANMEDU Grama Panchayat for the 2018-19**, except the observations in my Audit Report Properly presence in the picture of Income and Expenditure.

**DEPUTY DIRECTOR**
IDUKKI